കോർപ്പറേഷന്റെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 9.29 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ബാലൻസ് പദ്ധതിയിൽപ്പെടുത്തി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. 335.16 ലക്ഷം രൂപ മുടക്കി കോർപ്പറേഷന്റെ ആഭിമുഖ്യത്തിലുള്ള ടാനിൽ ഫാക്ടറി നവീകരിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനു 210.16 ലക്ഷം രൂപ കേന്ദ്ര സഹായമായി പ്രതീക്ഷിക്കുന്നു. കൂടാതെ 18.21 കോടി രൂപ കേന്ദ്ര സഹായമുൾപ്പെടെ 23.68 കോടി രൂപ പദ്ധതി ചെലവ് പ്രതീക്ഷിക്കുന്നു, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിനായുള്ള ഒരു യൂണിറ്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതിയും സർക്കാർ പരിശോധിച്ചു വരുന്നു. കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഒരു റിസർച്ച് ആന്റ് ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തു വരുന്നു.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷന് 142.495 കോടി രൂപയും കാപെക്സിന് 39.16 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ അനുവദിച്ചതിനു പുറമെ കശുവണ്ടി വികസന കോർപ്പറേഷന്റെ 152 കോടി രൂപയുടെ കടം ഓഹരിയായി മാറ്റുകയും പലിശതുകയായ 20 കോടിയിൽപരം രൂപ എഴുതിത്തള്ളുകയും ചെയ്തു. കോർപ്പറേഷനും കാപെക്സിനും പ്രവർത്തന മൂലധനം ബാങ്കുകളിൽ നിന്നും ലഭിക്കാൻ സർക്കാർ ഗ്യാരണ്ടി നൽകിയതുവഴി പരമാവധി തോട്ടണ്ടി വാങ്ങി കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ ടി സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

കെൽട്രോണിൽ നിന്നും സ്വയം പിരിഞ്ഞുപോയവർക്കുള്ള റിട്ടയർമെന്റ് ആനുകൂല്യം

12 (579) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ നിന്നും 2000-ത്തിലും 2001-ൽ ഇതുവരെയും എത്ര പേർ വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് പിരിഞ്ഞു പോയിട്ടുണ്ട് ;

(ബി) ഈ സ്കീമനുസരിച്ച് പിരിഞ്ഞു പോകുന്നവർക്ക് എത്ര ദിവസത്തിനുള്ളിലാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ ;

(സി) അവർക്കുള്ള ആനുകൂല്യങ്ങൾ നൽകാൻ താമസം വന്നതിനു കാരണമെന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 623 പേരാണ് 2000-ത്തിൽ വോളന്ററി റിട്ടയർമെന്റ് സ്കീം അനുസരിച്ച് പിരിഞ്ഞുപോയത്. 2001-ൽ ആരും പിരിഞ്ഞു പോയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെൽട്രോൺ. വി.ആർ.എസ് 2000 സ്കീമനുസരിച്ച് പിരിഞ്ഞു പോയ തീയതിക്കു ശേഷം 90 ദിവസത്തിനുള്ളിലാണ് ആനുകൂല്യങ്ങൾ നൽകേണ്ടത്.

(സി) ആനുകൂല്യം നൽകാനുള്ള മുഴുവൻ തുകയ്ക്കുള്ള സ്പെഷ്യൽ റ്റി.എസ്സ്.ബി. എമൗണ്ട് ചെക്ക് കേരള വ്യവസായ പുനരുദ്ധാരണ നിധിയിൽ നിന്ന് ലഭിച്ചെങ്കിലും ട്രഷറിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള കാലതാമസം മൂലമാണ് ആനുകൂല്യം നൽകുന്നതിൽ താമസം നേരിട്ടത്.

ടെൽക്കിന്റെ ലാഭനഷ്ടങ്ങൾ

13 (580) ശ്രീ. പി. ജെ. ജോയി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ടെൽക്കിന് ഓരോ വർഷവും ഉണ്ടായ ലാഭവും നഷ്ടവും എത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കാലഘട്ടത്തിൽ ടെൽക്ക് എടുത്ത ഓർഡറുകൾ അനുസരിച്ച് കൃത്യസമയത്തിന് ഉല്പന്നം നൽകാൻ സാധിക്കാതിരുന്നതു മൂലം ലേറ്റ് ഡെലിവറി ഇനത്തിൽ എന്തു തുക നൽകേണ്ടതായി വന്നിട്ടുണ്ട്.

(സി) ടെൽക്കിന്റെ പുനരുദ്ധാരണം സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ ഉത്തരവിറക്കുന്നതിനുമുമ്പ് ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നുവോ ;

(ഡി) ഇത് സംബന്ധിച്ച് ഇറക്കിയ ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം എന്ന് അറിയിക്കുമോ ;

(ഇ) ഈ ഉത്തരവിലൂടെ തൊഴിലാളികളുടെ വേതനം മരവിപ്പിക്കാനും ഗ്രേഡ് പ്രൊമോഷൻ തടയാനും വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ)

വർഷം	ലാഭം/നഷ്ടം (രൂപ ലക്ഷത്തിൽ)
1996-97	168.05 (ലാഭം)
1997-98	168.83 (ലാഭം)
1998-99	1090.16 (നഷ്ടം)
1999-2000	1882.50 (നഷ്ടം- ആഡിറ്റിന് വിധേയം)

LIBRARY ARCHIVES Kerala Legislative Assembly